

വയസ്സ്

ജനന തീയതി

പേര്

വിലാസം

രക്ഷകർത്താവിന്റെ ഒപ്പ്:

*കുട്ടികൾക്കുള്ള ബൈബിൾ പാഠങ്ങൾ*

# ബൈബിൾ ടൈം

യൂണിറ്റ്-2
ലൂക്കോസ് സുവിശേഷം

LEVEL - 1

5 മുതൽ 7 വയസ്സുവരെ

## പാഠം 1: യേശു സുഖപ്പെടുത്തുന്നു.



വായന ഭാഗം
ലൂക്കോസ് 5:17-26

***രോഗിയായ ഒരു മനുഷ്യനും കൂട്ടുകാരും യേശുവിനെ കണ്ടുമുട്ടുന്നു.***

നടക്കുവാൻ കഴിയാത്ത ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അവന്റെ സ്നേഹിതൻമാർ അവനെ യേശുവിന്റെ അടുക്കൽ കൊണ്ടുപോകുവാൻ തീരുമാനിച്ചു. യേശുവിന് അവനെ സഹായിക്കുവാൻ കഴിയും എന്ന് അവർക്കറിയാമായിരുന്നു. സ്നേഹിതൻമാർ കട്ടിലോടെ ചുമന്ന് അവനെ യേശു ഇരിക്കുന്ന സ്ഥലത്ത് എത്തിച്ചു.

**ചോദ്യം :** ആരുടെ സമീപത്തേയ്ക്കാണ് സ്നേഹിതൻമാർ അവനെ കൊണ്ടുവന്നത്? ........................................................................

യേശു ഒരു വീട്ടിൽ കൂടിയിരുന്ന ജനക്കൂട്ടത്തോട് സംസാരിക്കുകയായിരുന്നു. ഈ സ്നേഹിതൻമാർ ആ വീട്ടിൽ എത്തിയപ്പോൾ ജനതിരക്കുകൊണ്ട് അകത്തുകയറുവാൻ സാധിച്ചില്ല. അവർ വീട്ടിൻ മുകളിലേക്ക് കയറി അവിടെ നിന്ന് ചില ഭാഗങ്ങൾ എടുത്തുമാറ്റി യേശുവിനെ കാണാവുന്നനിലയിൽ ഒരു ദ്വാരം ഉണ്ടാക്കി, ഈ ദ്വാരത്തിലൂടെ രോഗിയായ അവരുടെ സ്നേഹിതനെ കട്ടിലോടുകൂടി യേശുവിന്റെ മുന്നിലേക്ക് ഇറക്കിവച്ചു.



*രോഗിയുടെ ചിത്രം വരച്ച് നിറം കൊടുക്കുക.*

നടക്കുവാൻ കഴിയാത്ത തളർവാതരോഗിയായ ഈ മനുഷ്യനെ കണ്ടപ്പോൾ യേശു അവനോട് "നിന്റെ പാപങ്ങൾ മോചിച്ചിരിക്കുന്നു" എന്ന് പറഞ്ഞു. അതിനുശേഷം അവനോട്; എഴുന്നേറ്റ് കിടക്ക എടുത്ത് വീട്ടിലേക്ക് പോക എന്ന് കല്പിച്ചു. അപ്പോൾ തന്നെ അവൻ എഴുന്നേറ്റു തന്റെ വീട്ടിലേക്ക് നടന്നുപോയി.

യേശു ഈ മനുഷ്യന്റെ പാപങ്ങൾ മോചിച്ചു, അവനെ നടക്കുവാൻ കഴിവുള്ളവനാക്കി. യേശുവിന്റെ ഈ അത്ഭുതത്തിൽ എല്ലാവരും വിസ്മയിച്ചു.

/10

GOSPEL FOR CHILDREN

## പാഠം 2: മരണത്തിൽ നിന്ന് ജീവനിലേക്ക്

വായന ഭാഗം
ലൂക്കോസ് 7:11-17

***യേശു മരിച്ചവനെ ഉയിർപ്പിക്കുന്നു.***



ഒരു ദിവസം യേശു നയിൻ എന്ന പട്ടണത്തിലേക്ക് പോകുകയായിരുന്നു. വലിയ ഒരു ജനക്കൂട്ടം യേശുവിനോടു കൂടെയുണ്ടായിരുന്നു. പട്ടണ വാതിൽക്കൽ ദുഃഖിതയായ ഒരു സ്ത്രീയെ യേശു കണ്ടുമുട്ടി. അവളുടെ ഭർത്താവ് നേരത്തെ മരിച്ചുപോയിരുന്നു, ഏക ആശ്രയമായി ഉണ്ടായിരുന്ന മകൻ മരിച്ച് അവന്റെ ശവസംസ്കാര ശുശ്രൂഷയ്ക്കായി വലിയൊരു ജനക്കൂട്ടത്തോടെ പോകുകയായിരുന്നു. ഈ സ്ത്രീ ഏകയും ദുഃഖിതയുമാണെന്ന് യേശു മനസ്സിലാക്കി. അവളോട് കരയേണ്ട എന്ന് പറഞ്ഞ്, ശവമഞ്ചത്തിനരികിലേക്ക് ചെന്നു.

യേശു ശവമഞ്ചത്തിൽ തൊട്ടു, "ബാല്യക്കാരാ എഴുന്നേൽക്ക"എന്ന് പറഞ്ഞു. ഈ വാക്കുകൾ കേട്ടപ്പോൾ മരിച്ച ബാല്യക്കാരൻ എഴുന്നേറ്റ് ഇരുന്നു. യേശു അവനെ അവന്റെ അമ്മയ്ക്ക് ഏല്പിച്ചു കൊടുത്തു.

# "ബാല്യക്കാരാ എഴുന്നേൽക്ക എന്നു ഞാൻ നിന്നോടു പറയുന്നു"

***ചിത്രത്തിനും യേശു മനുഷ്യനോട് പറഞ്ഞ വാക്കുകൾക്കും നിറം കൊടുക്കുക***

യേശു ചെയ്ത മറ്റൊരത്ഭുതം കണ്ട് ജനം ദൈവത്തെ സ്തുതിച്ചു. യേശുചെയ്ത ഈ അത്ഭുത പ്രവർത്തി വളരെയധികം ജനം കേൾക്കുവാനിടയായി.

**ചോദ്യം** : വിട്ടു പോയത് പൂരിപ്പിക്കുക.

യേശു മറ്റൊരു അ........................................... ചെയ്തു.

☐ /10

## പാഠം 3: ഭയപ്പെടേണ്ട !



വായന ഭാഗം
ലൂക്കോസ് 8:22-25

***യേശു കൊടുങ്കാറ്റിനെ ശാന്തമാക്കുന്നു.***

നിങ്ങൾക്ക് എപ്പോഴെങ്കിലും പേടി തോന്നിയിട്ടുണ്ടോ? യേശുവിന്റെ ശിഷ്യന്മാർ വല്ലാതെ ഭയപ്പെട്ട ഒരു സംഭവമാണ് ഈ ഭാഗത്ത് നാം പഠിക്കുന്നത്. യേശുവും ശിഷ്യന്മാരും ചേർന്ന് ഒരു വഞ്ചിയിൽ യാത്ര ചെയ്യുകയായിരുന്നു. ശിഷ്യന്മാരോട് മറുകരയിലേക്ക് വഞ്ചി തുഴയുവാൻ യേശു പറഞ്ഞു.

അവർ തടകാത്തിന്റെ മറുകരയിലേക്ക് യാത്ര ചെയ്യുകയാണ്. യേശു വഞ്ചിയുടെ ഒരറ്റത്ത് ഉറക്കത്തിലായി. ആ സമയത്ത് വലിയ കൊടുങ്കാറ്റുണ്ടായി. തിരമാലകൾ ഉയർന്നു, വഞ്ചിയിൽ വെള്ളം നിറയുവാൻ തുടങ്ങി. ശിഷ്യന്മാർ വല്ലാതെ ഭയപ്പെട്ടു.

**ചോദ്യം :**

* യേശു ഉറങ്ങുമ്പോൾ എന്ത് സംഭവിച്ചു?

വലിയ കൊ.......................................................................................................

* ശരിയായ ഉത്തരത്തിന് ചുറ്റും വൃത്തം വരക്കുക.

കൊടുങ്കാറ്റ് അടിച്ചപ്പോൾ ശിഷ്യന്മാർ

| സന്തോഷിച്ചു | ദുഃഖിച്ചു | ഭയപ്പെട്ടു |
|---|---|---|



***ചിത്രത്തിന് നിറം കൊടുക്കുക***

ശിഷ്യന്മാർ യേശുവിനെ ഉണർത്തിയിട്ട് പറഞ്ഞു. നാം നശിക്കുവാൻ പോകുകയാണ്. യേശു എഴുന്നേറ്റ് കാറ്റിനേയും കടലിനേയും ശാസിച്ചു. യേശു 'ശാന്തമാക' എന്നു പറഞ്ഞ ഉടനെ കാറ്റും തിരമാലയും ശാന്തമായി.

ശിഷ്യന്മാർ ഇത് കണ്ട് വിസ്മയിച്ചു. യേശു അവരോട്; നിങ്ങളുടെ വിശ്വാസം എവിടെ? അവർ ഭയപ്പെടാതെ യേശുവിന് അവരെ സഹായിക്കുവാൻ കഴിയും എന്ന് വിശ്വസിക്കണമായിരുന്നു.

[ ] /10

LEVEL - 1
5 മുതൽ 7 വയസ്സുവരെ

## പാഠം 4: 5000 പേർക്ക് ഭക്ഷണം

വായന ഭാഗം
ലൂക്കോസ് 9:10-17

***യേശു അഞ്ചപ്പവും രണ്ട് മീനുംകൊണ്ട് 5000 പേർക്ക് ഭക്ഷണം നൽകുന്നു.***

ദിവസം മുഴുവനും വലിയ ഒരു ജനക്കൂട്ടം യേശുവിനെ അനുഗമിക്കുന്നുണ്ടായിരുന്നു. അയ്യായിരത്തോളം പുരുഷന്മാർ ആ കൂട്ടത്തിലുണ്ടായിരുന്നു.

സന്ധ്യയാകാറായപ്പോൾ ജനത്തിന് വിശക്കുവാൻ തുടങ്ങി. യേശു ശിഷ്യന്മാരോട് ജനക്കൂട്ടത്തിന് ഭക്ഷണം കണ്ടെത്തുവാൻ പറഞ്ഞു.

ശിഷ്യന്മാർക്ക് ആകെ കണ്ടെത്തുവാൻ കഴിഞ്ഞ ഭക്ഷണം അഞ്ച് അപ്പവും രണ്ട് മീനുമാണ്. ഇത് അവർ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു.

എല്ലാവരും നിലത്ത് ഇരുന്നു. യേശു ലഭിച്ച ഭക്ഷണത്തിനായി ദൈവത്തിനു നന്ദി പറഞ്ഞു. അതിനുശേഷം അഞ്ച് അപ്പവും രണ്ട് മീനും വിഭാഗിച്ച് ശിഷ്യന്മാരെ ഏൽപ്പിച്ചു. ശിഷ്യന്മാർ ജനക്കൂട്ടത്തിന് അത് വിളമ്പി കൊടുത്തു.



*ചിത്രത്തിന് നിറം കൊടുക്കുക*

യേശുവിന്റെ കൈകളിൽ അഞ്ച് അപ്പം മാത്രമേ ഉണ്ടായിരുന്നുള്ളു. എങ്കിലും അതുകൊണ്ട് അയ്യായിരം പുരുഷന്മാർക്ക് വിളമ്പികൊടുക്കുവാൻ യേശു കഴിവുള്ളവനായിരുന്നു. എല്ലാവരും ഭക്ഷിച്ചതിനുശേഷം ശേഷിച്ച ഭക്ഷണം പന്ത്രണ്ടു കൊട്ട നിറച്ചെടുത്തു.

എത്ര അപ്പം ഉണ്ടായിരുന്നു? [ ]

എത്ര മീൻ ഉണ്ടായിരുന്നു? [ ]

എത്ര കൊട്ട ഭക്ഷണം ശേഷിച്ചു? [ ]

ജനക്കൂട്ടത്തിന് വിശക്കുന്നു എന്നും, അവർക്ക് ആഹാരം വേണം എന്നും യേശു അറിഞ്ഞു. യേശു അവരെ കരുതി സഹായിക്കുകയും ചെയ്തു. യേശു ഇന്നും നമ്മെ കരുതുകയും സഹായിക്കുകയും ചെയ്യും; നാം അവനെ അനുവദിക്കുമെങ്കിൽ!

[ ] /10

***അദ്ധ്യാപകന്റെ അഭിപ്രായങ്ങൾ:***

ലഭിച്ച മാർക്ക്

പാഠം 1:.........

പാഠം 2:.........

പാഠം 3:.........

പാഠം 4:.........

ആകെ..........

പാഠങ്ങൾ അയക്കേണ്ട വിലാസം
G4C
PB No. 4
ANGAMALY - 683 572
KERALA